പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **5829** — **09.07.2012** - ൽ മറുപടിയ്ക്ക്

## സുനാമി പുനരധിവാസ പദ്ധതി - വീട് - റോഡ് നിർമ്മാണവും ശുദ്ധജല വിതരണവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം<br>.... | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി)<br>.... |
| (എ) തിരുവനന്തപുരം കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂരിൽ സുനാമി പുനരധിവാസ പദ്ധതിയിൽ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ കുളത്തൂർ വില്ലേജിൽ പൊഴിയൂർ സുനാമി പുനരധിവാസ ഭവന പദ്ധതി പ്രകാരം 255 വീടുകൾക്ക് അനുമതി നല്കിയിട്ടുണ്ട്. അതിൽ 250 പേർക്ക് ഒന്നാം ഗഡു തുകയായ 50,000/- രൂപ വീതം നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ ഫൗണ്ടേഷൻ പണികൾ പുരോഗമിക്കുന്നുണ്ട്. ഇതിനോട് ചേർന്ന് ഡിസാസ്റ്റർ ഷെൽട്ടർ നിർമ്മാണവും നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ നടക്കുന്നുണ്ട്. |
| (ബി) ഭവന നിർമ്മാണ പദ്ധതി പ്രാകാരം ഇനി എത്ര കുടുംബങ്ങൾക്കാണ് വീട് നൽകാനുള്ളതെന്ന് വിശദമാക്കുമോ ; | (ബി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി ജനറൽ പാക്കേജിലും, സ്പെഷ്യൽ പാക്കേജിലുമായി 11682 വീടുകളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 10973 വീടുകൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. 557 വീടുകളുടെ നിർമ്മാണം അന്തിമഘട്ടങ്ങളിലാണ്. 152 എണ്ണം ഭൂമി ഏറ്റെടുത്ത വിഷയത്തിൽ കോടതി ഇടപെടൽ കാരണം തടസ്സപ്പെട്ട അവസ്ഥയിലാണ്. |
| (സി) കടപ്പുറത്ത് റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;<br>(ഡി) കടപ്പുറത്തെ കടുത്ത കുടിവെള്ളക്ഷാമം പരിഗണിച്ച് എല്ലാ ദിവസവും ശുദ്ധജലം ലഭ്യമാക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുമോ ? | (സി) യും (ഡി) സുനാമി പുനരധിവാസ പദ്ധതി അവസാനിക്കാറായതിനാൽ പുതിയ പ്രവർത്തികൾ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ.